**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 475** **08-07-2024 - ൽ മറുപടിയ്ക്ക്**

**കാലാവസ്ഥാ വ്യതിയാന പ്രാദേശിക കർമ്മപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | പ്രകൃതിക്ഷോഭങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങളും വർദ്ധിക്കുന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജനപങ്കാളിത്തത്തോടെ കാലാവസ്ഥാ വ്യതിയാന പ്രാദേശിക കർമ്മപദ്ധതി തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കാലാവസ്ഥാവ്യതിയാനം മൂലം ഉരുൾപൊട്ടൽ, കടലാക്രമണം, അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കംമൂലമുള്ള തീരശോഷണം, വരൾച്ച തുടങ്ങിയവയെ പ്രതിരോധിക്കുന്നതിനും അതുമൂലമുള്ള ദുരന്തങ്ങൾ ലഘൂകരിക്കുന്നതിനും പ്രാദേശിക തലത്തിൽ കർമ്മപദ്ധതികളുടെ ആവശ്യകത വർദ്ധിച്ചുവരുന്നു. ദേശീയതലത്തിലും സംസ്ഥാനതലത്തിലും ഇത്തരത്തിലുള്ള കർമ്മപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് (NAPCC - National Action Plan on Climate Change & SAPCC - State Action Plan on Climate Change). പ്രാദേശിക തലത്തിൽ ഇതിനു നേതൃത്വം നൽകാൻ കഴിയുന്നതു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കാണ്. ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും കാലാവസ്ഥാ വ്യതിയാനത്തിന്റെ ദൂഷ്യവശങ്ങൾ ലഘൂകരിയ്ക്കുന്നതിനുള്ള പ്രാദേശിക കർമ്മപദ്ധതി തയ്യാറാക്കേണ്ടതാണ് എന്ന് പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വികസന പദ്ധതികളുടെ കാർബൺ പാദമുദ്ര കുറച്ചുകൊണ്ടു വരാൻ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പ്രാദേശിക കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതി സഹായിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായും അല്ലാതെയും ഉണ്ടാവുന്ന ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കുന്നതിനും ദുരന്തങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും അതിജീവനക്ഷമത നേടുന്നതിനും ഹ്രസ്വകാല- |

| | | | |
|---|---|---|---|
| | | | ദീർഘകാല ഇടപെടലുകൾ വിഭാവനം ചെയ്യുന്നതിനും ഈ പദ്ധതി സഹായകരമാകും. |
| (ബി) | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും കിലയുടെയും സാങ്കേതിക സഹായത്തോടെ ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കാനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കാലാവസ്ഥാ വ്യതിയാന പ്രാദേശിക കർമ്മപദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. കാലാവസ്ഥ വ്യതിയാന കർമ്മ പദ്ധതിയുടെ രീതിശാസ്ത്രം മറ്റ് സ്ഥാപനങ്ങളുമായി സഹകരിച്ച് കില 2018-ൽ തയ്യാറാക്കുകയും 11 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ പൈലറ്റ് അടിസ്ഥാനത്തിൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് കില സാങ്കേതിക സഹായം നൽകിയിട്ടുണ്ട്. 2018-ലെ പ്രളയ ശേഷം ആരംഭിച്ച കേരള പുനർനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് 2021-ൽ കേരള സർക്കാരും വേൾഡ് ബാങ്ക് കൺസോർഷ്യവുമായി ഒപ്പുവെച്ച ഉടമ്പടി പ്രകാരം പമ്പ നദിതട ജില്ലകളിൽ കാലാവസ്ഥാ വ്യതിയാന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് വേണ്ടി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കാലാവസ്ഥ വ്യതിയാന കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിന് കില സാങ്കേതിക സഹായം നൽകിയിട്ടുണ്ട്. ഇതിനകം 266 തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഉൾപ്പെടുന്ന പമ്പ നദി തടത്തിൽ, 217 തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കാലാവസ്ഥ വ്യതിയാന കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 44 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കാലാവസ്ഥ വ്യതിയാന പദ്ധതി തയ്യാറാക്കൽ പ്രക്രിയ നിലവിൽ അന്തിമഘട്ടത്തിലാണ്. ഇതിന്റെ ഭാഗമായി പമ്പാനദീതട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കില പരിശീലനം നൽകിയിട്ടുണ്ട്. ഇവ കൂടാതെ മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിലും തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിലും കാലാവസ്ഥ വ്യതിയാന കർമ്മ പദ്ധതി തയ്യാറാക്കി വരുന്നു. കൂടാതെ കിലയുടെ മറ്റു പരിശീലനങ്ങളിലും ദുരന്തനിവാരണവും കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട കർമ്മ പദ്ധതികളുടെ ഘടനയും പ്രാധാന്യവും ഉൾപ്പെടുത്തികൊണ്ടുള്ള ബോധവൽക്കരണം കില നടത്തുന്നുണ്ട്.<br><br>കാലാവസ്ഥ വ്യതിയാനവും ദുരന്ത സാധ്യത ലഘൂകരണവുമായി ബന്ധപ്പെട്ട് ഡി-കാറ്റ് ടൂൾ (D-CAT tool, ഡിസാസ്റ്റർ ആൻഡ് ക്ലൈമറ്റ് ആക്ഷൻ ട്രാക്കിംഗ്) കില വികസിപ്പിച്ചു. സ്ഥാപനങ്ങളുടെ കാലാവസ്ഥ വ്യതിയാനവും ദുരന്തസാധ്യത ലഘൂകരണമായും ബന്ധപ്പെട്ട പദ്ധതിആസൂത്രണവും അതുപോലെതന്നെ സദ്ഭരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെയും വിലയിരുത്തലാണ് D-CATന്റെ ലക്ഷ്യം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ കാലാവസ്ഥ |

| | | | |
|---|---|---|---|
| | | | വ്യതിയാന പ്രവർത്തനങ്ങൾക്കായുള്ള കാര്യശേഷി പടിപടിയായി ഉയർത്തുന്നതിന് D-CAT സഹായകരമാണ്. ഇതുമായി ബന്ധപ്പെട്ട് 265 തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സ്വയം വിലയിരുത്തൽ നടത്തുകയും അതിനുശേഷം പരസ്പര വിലയിരുത്തൽ നടത്തുകയും അന്തിമഘട്ടം എന്ന നിലയിൽ സാങ്കേതിക വിലയിരുത്തൽ പ്രക്രിയയും നടത്തിയിട്ടുണ്ട്. പമ്പ നദീതട ജില്ലകളായ ഇടുക്കി ആലപ്പുഴ പത്തനംതിട്ട കോട്ടയം എന്നീ ജില്ലകളിലാണ് D-CAT വിലയിരുത്തൽ നടന്നത്. ഇതിന് സാങ്കേതിക സഹായം കില നൽകി. |
| (സി) | മുൻഗണന അനുസരിച്ച് പ്രസ്തുത രേഖകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | പ്രാദേശിക കാലാവസ്ഥാവ്യതിയാന കർമ്മപദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രോജക്ടിനുവേണ്ടി അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ തുക വകയിരുത്തേണ്ടതാണ് എന്ന് പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗ്ഗ രേഖയിൽ നിർദേശം നൽകിയിട്ടുണ്ട് |
| (ഡി) | കാലാവസ്ഥാ ഘടകങ്ങളായ വാർഷിക വർഷപാതം, ദൈനംദിന മഴയുടെ തീവ്രത, താപനില എന്നിവയുടെ ചരിത്രപരമായ മാറ്റങ്ങളും അവയുടെ ഭാവിഗതിയും വിശകലനം ചെയ്ത് കർമ്മപദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. കേരളത്തിലെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭീഷണികളെ നേരിടുന്നതിനായി, കിലയുടെയും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി തയ്യാറാക്കിയത് . KSDMA നൽകിയ 1976 മുതൽ 2099 വരെയുള്ള (പ്രതീക്ഷിത) കാലാവസ്ഥാ ഡാറ്റ വിശകലനം ചെയ്താണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. മഴയുടെ സ്വഭാവം,ദൈനംദിന മഴലഭ്യതയുടെ ഗതി, താപനില, കൂടിയ താപനിലയുടെ സ്വഭാവം, ദൈനംദിന കൂടിയ താപനിലയുടെ ഗതി, കുറഞ്ഞ താപനിലയുടെ സ്വഭാവം, ദൈനംദിന കുറഞ്ഞ താപനിലയുടെ ഗതി, പ്രളയ അപകട സാധ്യത, തുടങ്ങിയവയും ഇവയുടെ ചരിത്രപരമായ മാറ്റങ്ങളും ഉൾക്കൊണ്ടാണ് പ്രസ്തുത പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.<br><br>ഓരോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും വിദഗ്ധരടങ്ങുന്ന ഒരു കോർ ടീമിനെ രൂപീകരിച്ചു കൊണ്ട് കോർ ടീമംഗങ്ങളുടെയും കിലയുടേയും സഹായത്തോടെ വാർഡ് തല ഫോക്കസ് ഗ്രൂപ്പ് ചർച്ചകളും വ്യക്തിഗത അഭിമുഖങ്ങളും നടത്തിയാണ് ജനകീയമായ രീതിയിൽ വിവരങ്ങൾ ശേഖരിച്ചിട്ടുള്ളത്.<br><br>പ്രദേശത്തെ രേഖപ്പെടുത്തിയ താപനില വ്യതിയാനങ്ങൾ, വാർഷിക മഴ, അതിന്റെ രീതി എന്നിവയും മാറ്റത്തിന്റെ പ്രവചനങ്ങളും കണക്കിലെടുത്ത് ദുരന്ത അപകട സാധ്യത കുറയ്ക്കുന്നതിനും കാലാവസ്ഥാ വ്യതിയാനത്തിന്റെ |

| | | | |
|---|---|---|---|
| | | | പ്രത്യാഘാതങ്ങളെ നേരിടുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും, പ്രാദേശിക സമൂഹങ്ങളെ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് ബോധവൽക്കരിക്കുകയും അവരെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും ചെയ്യുന്നതാണ് കാലാവസ്ഥാ വ്യതിയാന പ്രാദേശിക കർമ്മപദ്ധതി. ഈ പദ്ധതി വഴി സംസ്ഥാനത്തിന്റെ ദീർഘകാല സുസ്ഥിരത ഉറപ്പാക്കാൻ സഹായിക്കും. |

സെക്ഷൻ ഓഫീസർ